12-11-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/11/2022.

1. സംസ്ഥാനത്ത് നിലവിലെ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾക്ക് പുറമേ 100 പുതിയ കേന്ദ്രങ്ങൾ കൂടി ഉടൻ നിലവിൽ വരുമെന്ന് കൃഷിമന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു. പ്രതിവർഷം ഒരു തെങ്ങിൽ നിന്നും സംഭരിക്കാവുന്ന തേങ്ങകളുടെ എണ്ണം 50 ൽ നിന്നും 70 ആയാണ് വർധിപ്പിച്ചിരിക്കുന്നത്. നിലവിൽ സംഭരണത്തിനായി കർഷകർക്ക് അതാത് ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട രേഖകളുമായി സമീപിക്കാവുന്നതാണ്. ആയത് കൃഷിഭവനിലെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, നികുതി രസീത്, ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുമായി സംഭരണ കേന്ദ്രത്തിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യാം. പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച സംശയനിവാരണത്തിനായി കർഷകർക്ക് അതാത് കൃഷിഭവനുമായോ ജില്ലാതലത്തിൽ താഴെപ്പറയുന്ന നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

| | |
|---|---|
| തിരുവനന്തപുരം | 9383470086 |
| കൊല്ലം | 9995774291 |
| പത്തനംതിട്ട | 9495734107 |
| ആലപ്പുഴ | 9400191365 |
| കോട്ടയം | 9 446430657 |
| ഇടുക്കി | 9447037987 |
| എറണാകുളം | 9446518181 |
| തൃശ്ശൂർ | 9446367312 |
| പാലക്കാട് | 9 447359453 |
| മലപ്പുറം | 9446175873 |
| കോഴിക്കോട് | 9446328151 |
| വയനാട് | 9495 622 176 |
| കണ്ണൂർ | 9 446 366196 |
| കാസർഗോഡ് | 8078570565 |

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഈ മാസം 15-ന് രാവിലെ 10 മണിക്ക് കൊല്ലം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജില്ലയിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. **നവംബർ 15 മുതൽ ഡിസംബർ 8 വരെ ഉള്ള 21 പ്രവർത്തി ദിവസങ്ങ**ളിലായി ഈ യജ്ഞം പൂർത്തീകരിക്കുന്നതാണ്. നാല് മാസവും അതിനു മുകളിലും പ്രായമുള്ള മുഴുവൻ പശു, എരുമ വർഗ്ഗത്തിലുള്ള ഉരുക്കളേയും കുത്തിവയ്പ്പിന് വിധേയമാക്കാനാണ് ലക്ഷ്യമിടുന്നത്. കർഷകരുടെ വീട്ടുപടിക്കൽ സേവനം നൽകുന്നതിനായി ഒരു വാക്സിനേറ്ററും ഒരു സഹായിയും അടങ്ങുന്ന 1916 സ്ക്വാഡുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. മൃഗങ്ങൾക്കുള്ള സാംക്രമിക രോഗനിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്.

3. കൃഷിവകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടി ഈ മാസം 24 മുതൽ 26 വരെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി മന്ത്രിയുടെ **ഞങ്ങളും കൃഷിയിലേക്ക്- ഗൃഹസന്ദർശനം, ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് 'ഭവന കൂട്ടായ്മ', കാർഷിക സാംസ്കാരിക പരിപാടികൾ** എന്നിവയുമുണ്ടാകും.

4. കേന്ദ്രസർക്കാർ 2022 ഒക്ടോബർ 21-ന് ഗ്ലൈഫോസേറ്റ് കളനാശിനിയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവിറക്കിയതിനെ തുടർന്ന് സംസ്ഥാനത്തും ഇത് കർശനമായി നടപ്പിലാക്കുവാൻ ജില്ലയിലെ ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിരിക്കുകയാണ്. ഗ്ലൈഫോസേറ്റിന്റെ ഉപയോഗം പെസ്റ്റ് കൺട്രോൾ ഓപ്പറേറ്റർ മുഖേന മാത്രമായും, ഇതിന്റെ വിതരണം കൃഷിവകുപ്പിന്റെ അംഗീകൃത ഡീലർമാർ വഴി മാത്രമായും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. നിലവിൽ ഡീലർമാരുടെ കൈവശമുള്ള ഗ്ലൈഫോസേറ്റ്, അനുബന്ധ കീടനാശിനികൾ എന്നിവയുടെ കണക്കെടുക്കുന്നതിനും കൃഷിഡയറക്ടർ ജില്ലാ ഇൻസെക്റ്റിസൈഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. മൃഗസംരക്ഷണ വകുപ്പ് **നവംബർ 15 മുതൽ 21** പ്രവൃത്തി ദിവസങ്ങളിൽ നടപ്പിലാക്കുന്ന മൂന്നാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പ്രവർത്തനങ്ങൾക്കായി വാക്സിനേറ്റർമാരേയും സഹായികളേയും താൽക്കാലികമായി നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ

വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡാറ്റ സഹിതം തങ്ങൾ താമസിക്കുന്ന തദ്ദേക സ്വയംഭരണ സ്ഥാപനത്തിൽ കീഴിലുള്ള മൃഗാശുപത്രിയിൽ മാത്രം സ്ഥാപന മേധാവി മുമ്പാകെ ആശുപത്രി പ്രവർത്തനസമയത്ത് ഈ മാസം 13-ന് ഉച്ചയ്ക്ക് 12 മുമ്പായി അപേക്ഷ നേരിട്ട് തന്നെ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ അഡ്രസ്സും മൊബൈൽ നമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആധാർ കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

6. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ സെൻട്രൽ യു.പി.എസ് പ്രവർത്തനക്ഷമമാക്കുന്നതിന് താൽപരയമുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 21 (നവംബർ 21) പകൽ 11 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം **14 മുതൽ 19 വരെ** തീയതികളിൽ (14/11/22 മുതൽ 19/11/22) രണ്ടു ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734-299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം ചെയ്തോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കരയിലുള്ള കൊക്കോ ഗവേഷണ കേന്ദ്രത്തിൽ വെച്ച് **കൊക്കോ സംസ്കരണത്തിൽ** ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കശുമാവ് കൊക്കോ വികസന കാര്യാലയത്തിന്റെ ധനസഹായത്തോടു കൂടിനടത്തുന്ന ഈ പരിശീലന പരിപാടിയിലേക്കുള്ള പ്രവേശനം സൗജന്യമാണ്. കൊക്കോ കർഷകർക്കും സംരംഭകർക്കും അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ളവർ **0487 – 2438451, 2438452, 9539298831** എന്നീ ഫോൺ നമ്പരുകളിലോ ccrp@kau.in എന്ന ഇ-മെയിൽ മുഖേനയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.